LIBRARY ARCHIVES Kerala Legislative Assembly

## സംയോജിത കൃഷിത്തോട്ടം പദ്ധതി

**118 (2751)** ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംയോജിത കൃഷിത്തോട്ട പദ്ധതി പ്രകാരം ഓരോ പഞ്ചായത്തിലും 10 കൃഷിത്തോട്ടം എന്ന കണക്കിൽ 10000 കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുമെന്ന 2013-14 വർഷത്തെ ബഡ്ജറ്റിലെ സംസ്ഥാന പതാക നൗക പരിപാടിയിൽപ്പെടുത്തി നടത്തിയ പ്രഖ്യാപനം നടപ്പാക്കപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ എത്ര പഞ്ചായത്തുകളിൽ ഇത്തരത്തിൽ കൃഷിത്തോട്ടം സ്ഥാപിക്കപ്പെട്ടു ;

(സി) എത്ര കൃഷിത്തോട്ടങ്ങൾ സംസ്ഥാനത്തൊട്ടാകെ സ്ഥാപിക്കപ്പെട്ടുവെന്നറിയിക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് 499 പഞ്ചായത്തുകളിലും 5 മുനിസിപ്പാലിറ്റികളിലും മാതൃകാ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്.

(സി) 3065.

## റബ്ബർ വിലയിടിവുമൂലം കർഷക ആത്മഹത്യ

**119 (2752)** ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റബ്ബർ വിലയിടിവുമൂലം കടക്കെണിയിലായ എത്ര കർഷകർ ആത്മഹത്യ ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ ;

(ബി) ഇവരുടെ കുടുംബത്തിന് എന്തെങ്കിലും സഹായം ചെയ്തിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) ഏത് വർഷം മുതലാണ് വിപണിയിൽ റബ്ബറിന് വിലയിടിഞ്ഞത് ;

(ഡി) ഇതിന്റെ കാരണം എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ ?